പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5476 — 01.07. 2019 ൽ മറുപടിക്ക്

## താരിഫ് റെഗുലേഷൻ

ചോദ്യം

ശ്രീ.എ.പി.അനിൽ കുമാർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)2018-ലെ താരിഫ് റെഗുലേഷൻ അനുസരിച്ച് 2018-19, 2020-21 എന്നീ വർഷങ്ങളിൽ വൈദ്യുതി താരിഫ് പരിഷ്കരിക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷന് മുമ്പാകെ കെ.എസ്.ഇ.ബി. അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (കമ്മീഷൻ) 05.10.2018 - ൽ പുറപ്പെടുവിച്ച താരിഫ് ചട്ടങ്ങൾ പ്രകാരം, മതിപ്പ് വരവ് ചെലവുകൾ അനുവദിക്കുന്നതിനും, താരിഫ് പരിഷ്കരണത്തിനുമുള്ള അപേക്ഷ 31.10.2018-ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി)എങ്കിൽ ഏത് തരത്തിലുള്ള താരിഫ് പരിഷ്കരണമാണ് ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത് ; | (ബി) 2018-19 സാമ്പത്തിക വർഷം 1101.72 കോടി രൂപയുടേയും 2021-22-ൽ 700.44കോടിരൂപയുടേയും അധികവരുമാനം പ്രതീക്ഷിക്കുന്ന പരിഷ്കരണത്തിനാണ് അപേക്ഷിച്ചിട്ടുള്ളത്. |
| (സി)ഇതിന്മേൽ റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം അറിയിക്കുമോ? | (സി) കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിച്ച താരിഫ് പരിഷ്കരണ ശുപാർശകളിന്മേൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് പൊതു തെളിവ് നടത്തുകയും, ഉപഭോക്താക്കളിൽ നിന്നും പൊതു ജനങ്ങളിൽ നിന്നും അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുണ്ട്. പെറ്റീഷന്മേൽ വിശദമായ പരിശോധന കേരള സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നടത്തി വരുന്നു. ടി നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ